**KSFESA CITU**

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gmail.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**

**സർക്കുലർ 9/2018**

സഖാക്കളേ,

സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 08-02-2018 (വ്യാഴം) രാവിലെ 11.30ന് തിരുവനന്തപുരം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സംസ്ഥാന പ്രസിഡന്റ് സ:എളമരം കരീം രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

പ്രശസ്ത കഥകളി കലാകാരൻ ശ്രീ.മടവൂർ വാസുദേവൻ നായർ, പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരൻ കലാമണ്ഡലം ഗീതാനന്ദൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

## തീരുമാനങ്ങൾ

1. **സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം**

   സംഘടനയുടെ 29-ാം വാർഷിക സമ്മേളനം 2018 മേയ് മാസത്തിൽ എറണാകുളത്ത് വച്ച് നടത്താൻ തീരുമാനിച്ചു. മാർച്ച് മാസത്തിൽ യൂണിറ്റ് സമ്മേളനങ്ങൾ പൂർത്തി യാക്കികൊണ്ട് ഏപ്രിൽ - മേയ് മാസങ്ങളിൽ ചുവടെ കൊടുക്കുന്ന തീയതികളിൽ ജില്ലാ സമ്മേളനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

| *ജില്ല* | *സമ്മേളന തീയതി* |
|---|---|
| തിരുവനന്തപുരം | 22/04/2018 |
| കൊല്ലം | 13/05/2018 |
| പത്തനംതിട്ട | 08/04/2018 |
| ആലപ്പുഴ | 08/04/2018 |
| കോട്ടയം | 06/05/2018 |
| ഇടുക്കി | 29/04/2018 |
| എറണാകുളം | 06/05/2018 |
| തൃശ്ശൂർ | 22/04/2018 |
| പാലക്കാട് | 29/04/2018 |
| മലപ്പുറം | 29/04/2018 |
| കോഴിക്കോട് | 08/04/2018 |
| കണ്ണൂർ | 12/05/2018 |
| കാസർഗോഡ് | 13/05/2018 |

**2. സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ കൗൺസിൽ**

സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ കൗൺസിൽ 2018 മാർച്ച് 23 മുതൽ 28 വരെ കോഴിക്കോട് ചേരുകയാണ്. സി.ഐ.ടി.യു ഭരണഘടനയും സംഘടനാരേഖയും പുതുക്കുന്നതിനോടൊപ്പം രാജ്യത്തെ തൊഴിലാളിവിരുദ്ധ സർക്കാരിനെതിരെ തനതായും മറ്റു യൂണിയനുകളെ ഏകോപിപ്പിച്ചും നടത്തേണ്ട പോരാട്ടങ്ങൾക്ക് രൂപം നൽകുകയും ചെയ്യുന്ന ജനറൽ കൗൺസിൽ യോഗം രാജ്യത്തെ തൊഴിലാളി വർഗ്ഗം പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. പ്രസ്തുത ജനറൽ കൗൺസിലിന്റെ വിജയത്തിനായി ഓരോ അംഗത്തിൽ നിന്നും 50 രൂപാ വീതം ശേഖരിക്കാൻ തീരുമാനിച്ചു. പി.റ്റി.എസ് ജീവനക്കാരിൽ നിന്ന് 25 രൂപാ വീതമാണ് ശേഖരിക്കേണ്ടത്. ഫെബ്രുവരി മാസത്തിൽ ഫണ്ട് സമാഹരിക്കാൻ തീരുമാനിച്ചു.

**3. 2018 മാർച്ച് 4 ഏകദിന സെമിനാർ**

"കേന്ദ്രബജറ്റ് 2018 & കേരളാ ബജറ്റ് 2018 – ഒരു താരതമ്യം", "പി.ആർ.ഡി.ഐ ബില്ലും ധനകാര്യസ്ഥാപനങ്ങളും", "മാറി വരുന്ന സാഹചര്യങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ കടമയും" എന്നിവ സമഗ്രമായി ചർച്ച ചെയ്യുന്ന ഒരു ഏകദിന സെമിനാർ നടത്താൻ തീരുമാനിച്ചു. 2018 മാർച്ച് 4ന് എറണാകുളത്ത് വച്ചാണ് സെമിനാർ സംഘടിപ്പിക്കുക. സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, ജില്ലാ ഭാരവാഹികൾ, സംസ്ഥാന വനിതാ സബ്കമ്മിറ്റിയംഗങ്ങൾ, ജില്ലാ വനിതാ സബ്കമ്മിറ്റി ചെയർപേഴ്സൺ, കൺവീനർ, മേഖലാ കൺവീനർമാർ എന്നിവരാണ് സെമിനാറിൽ പങ്കെടുക്കേണ്ടത്. രാവിലെ കൃത്യം 10 മണിക്ക് ആരംഭിക്കുന്ന സെമിനാർ വൈകിട്ട് 4.30ന് സമാപിക്കും.

**4. 2018 മാർച്ച് 8 – സാർവ്വദേശീയ വനിതാദിനം**

സാർവ്വദേശീയ വനിതാദിനത്തിൽ സി.ഐ.ടി.യുവിന്റെയും വർക്കിംഗ് വിമൺ ജില്ലാ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന സാർവ്വദേശീയ വനിതാദിനപരിപാടിയിൽ നമ്മുടെ മെച്ചപ്പെട്ട പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് തീരുമാനിച്ചു.

**5. താഴെ കൊടുക്കുന്ന തീയതികളിൽ ജില്ലാ കമ്മിറ്റി യോഗങ്ങൾ ചേരാൻ തീരുമാനിച്ചു**

| ജില്ല | തീയതി | പങ്കെടുക്കുന്ന ഭാരവാഹി |
|---|---|---|
| തിരുവനന്തപുരം | 25/02/2018 | സ: ഷുബി അലി.എം |
| കൊല്ലം | 25/02/2018 | സ: എസ്.മുരളീകൃഷ്ണപിള്ള |
| പത്തനംതിട്ട | 18/02/2018 | സ: സജു.എസ് |
| ആലപ്പുഴ | 27/02/2018 | സ: എസ്.മുരളീകൃഷ്ണപിള്ള, സ: ശ്രീനിമോൾ.ടി.എം |
| കോട്ടയം | 18/02/2018 | സ: സജു.എസ് |
| ഇടുക്കി | 11/02/2018 | സ: സജു.എസ് |
| എറണാകുളം | 13/02/2018 | സ: ഷുബി അലി.എം |
| തൃശ്ശൂർ | 18/02/2018 | സ: വിജയകുമാർ.ബി.എസ് |
| പാലക്കാട് | 25/02/2018 | സ: പി.ദേവദാസ് |
| മലപ്പുറം | 13/02/2018 | സ: വിജയകുമാർ.ബി.എസ് |
| കോഴിക്കോട് | 04/03/2018 | സ: പി.ദേവദാസ് |
| കണ്ണൂർ | 11/02/2018 | സ: രാധാകൃഷ്ണൻ.ടി.സി |
| കാസർഗോഡ് | 13/02/2018 | സ: രാധാകൃഷ്ണൻ.ടി.സി |

രാജ്യത്തെ ബാങ്കുകളുടെ കിട്ടാക്കടം 7 ലക്ഷം കോടിയിലേക്കും മൊത്തം നഷ്ടം 30,500 കോടിയിലേക്കും കൂപ്പുകുത്തിയിരിക്കുന്നു. കാൽ നൂറ്റാണ്ടായി രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങൾ സമ്പദ്ഘടനയുടെ നട്ടെല്ലൊടിച്ചു വെന്ന് സാരം. ബാങ്കുകളുടെ സ്ഥിതി തീർച്ചയായും ഒരു ചൂണ്ടു പലകയാണ്. ആത്മപരിശോധന നടത്തി, തെറ്റുകൾ തിരുത്തി നമ്മുടെ സ്ഥാപനം മുന്നോട്ടു പോകണമെന്ന മുന്നറിയിപ്പായി നാമിതിനെ കാണണം. KSFE യുടെ ചിട്ടി കുടിശിക 4000 കോടിയിലേക്കെത്തുന്നത് ശുഭ സൂചകമല്ല. Non Prized Default മാത്രം 2800 കോടിയാണ്. NPD ഉയർന്നു നിൽക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് പൊള്ളച്ചിട്ടിയാണെന്ന് നമുക്കേവർക്കുമറിയാം. പൊള്ളച്ചിട്ടിക്കെതിരെയും പൊള്ളച്ചിട്ടി ചെയ്യുന്നവർക്കെതിരെയും ശക്തമായ നിലപാട് സ്വീകരിയ്ക്കാതെ നമുക്ക് മുന്നോട്ട് പോകാനാവില്ല. പൊള്ളച്ചിട്ടിക്കെതിരെ ശക്തമായി നില കൊള്ളാൻ ഓരോ അംഗത്തോടും സംഘടന ആഹ്വാനം ചെയ്യുന്നു.ചട്ടങ്ങളും നിയമങ്ങളും ലംഘിക്കുന്നത് customer Service ആണെന്ന വിതണ്ഡവാദമാണ് ചിലരുയർത്തുന്നത്. ഇത് സത്യമല്ല.  ചട്ടലംഘനം അഴിമതി തന്നെയാണ്. ശക്തമായ നിലപാട് ഇക്കാര്യത്തിൽ സംഘടനാ പ്രവർത്തകർ സ്വീകരിക്കണം. ശാഖയുടെ മുഖ്യ ചുമതലക്കാരായ മാനേജർമാരുടെ വാക്കാലുള്ള നിർദ്ദേശം അനുസരിക്കരുതെന്ന് ജീവനക്കാരോട് മാനേജ്മെന്റ് സർക്കുലറിലൂടെ ആവശ്യപ്പെടുന്ന കൗതുകകരമായ സംഭവം ഉണ്ടായിരിക്കുന്നു. സ്ഥാപനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരം ഒരു നിർദ്ദേശം ജീവനക്കാർക്ക് മാനേജ്മെന്റ് നൽകുന്നത്. എന്തായാലും  ഇത് അലങ്കാരമായി കൊണ്ടു നടക്കുന്നത് ആത്മാഭിമാനം സംരക്ഷിയ്ക്കാൻ തീരെ ഉതകുന്നതല്ല. എന്തായാലും ശരി, ഇത് ശരിയാംവണ്ണം മനസിലാക്കി ചട്ടങ്ങളും നിയമങ്ങളും പാലിച്ച് സർക്കുലറുകൾ കൃത്യമായി വായിച്ചു മനസ്സിലാക്കി കർത്തവ്യം സത്യസന്ധമായി നിറവേറ്റണമെന്ന് (പ്രത്യേകിച്ചും 50:30:20 എന്ന വ്യവസ്ഥ ഒരു വാളായി തലയ്ക്ക് മുകളിൽ നിൽക്കുമ്പോൾ) എല്ലാ അംഗങ്ങളോടും സംഘടന  അഭ്യർത്ഥിക്കുന്നു. ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും എല്ലാ മേഖലകളിലും പ്രാവീണ്യമുള്ളവരായി അവരെ വാർത്തെടുക്കുന്നതും ലക്ഷ്യമിട്ടു കൊണ്ടാണ് ആറുമാസത്തിലൊരിയ്ക്കൽ work Rotation നടത്തണമെന്ന സർക്കുലർ (സർക്കുലർ നമ്പർ 55 /16) മാനേജ്മെൻറ് പ്രസിദ്ധീകരിച്ചത്. എന്നാൽ ഈ സർക്കുലർ പലയിടത്തും ലംഘിക്കപ്പെടുകയാണ്. സർക്കുലർ ലംഘനം ശക്തമായി ഇടപെട്ട് തിരുത്തിക്കാൻ സംഘടനാ പ്രവർത്തകർ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം

15-02-2018

**എസ്. മുരളീകൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി